بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 11/09/2015

(19 DHUL QADDAH 1436 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## Come under the refuge of Allah ! /
## അല്ലാഹുവിന്റെ സംരക്ഷണയിൻ കീഴിൽ വരുക !

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം പറഞ്ഞു.

هَٰذَا بَصَائِرُ لِلنَّاسِ وَهُدًى وَرَحْمَةٌ لِقَوْمٍ يُوقِنُونَ ۝ أَمْ حَسِبَ الَّذِينَ اجْتَرَحُوا السَّيِّئَاتِ أَنْ نَجْعَلَهُمْ كَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ سَوَاءً مَحْيَاهُمْ وَمَمَاتُهُمْ سَاءَ مَا يَحْكُمُونَ ۝ وَخَلَقَ اللَّهُ السَّمَاوَاتِ وَالْأَرْضَ بِالْحَقِّ وَلِتُجْزَىٰ كُلُّ نَفْسٍ بِمَا كَسَبَتْ وَهُمْ لَا يُظْلَمُونَ ۝

ഇത് (ഈ ഗ്രന്ഥം) മനുഷ്യകുലത്തിന് സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതും ദൃഢ വിശ്വാസത്തെ കൈക്കൊള്ളുന്ന ജനങ്ങൾക്ക് ഒരു മാർഗ്ഗദർശകവും അനുഗ്രഹവുമാകുന്നു. എന്ത്? ദുഷ്കർമ്മങ്ങൾ പ്രവർത്തിച്ചവരെ, വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ പോലെ-അവരുടെ ജീവിതവും മരണവും തുല്യമായ നിലയിൽ നാം ആക്കുമെന്ന് അവർ ധരിച്ചു വച്ചിട്ടുണ്ടോ? അവർ വിധിക്കുന്നത് വളരെ ചീത്തയായതു തന്നെ. അല്ലാഹു ആകാശങ്ങളെയും ഭൂമിയേയും ന്യായ യുക്തമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. തൽഫലമായി ഓരോ ആൾക്കും അയാൾ സമ്പാദിച്ചതനുസരിച്ച് പ്രതിഫലം നൽകപ്പെടുന്നതാണ്. അവരോട് അനീതി കാണിക്കപ്പെടുകയുമില്ല.(45:21-23)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ രണ്ടാഴ്ച മുൻപ് ആരംഭിച്ച അതേ വിഷയം തന്നെ ഈ ആഴ്ചയിലും തുടരുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ച ഖുത്തുബയിൽ (4 സെപ്തംബർ 2015) ഞാൻ നിങ്ങളോട് പറയുകയുണ്ടായി, അതായത് അല്ലാഹു (ത) ആരോടെങ്കിലും ഈ ആദരണീയമായ സമീപനം സ്വീകരിച്ചാൽ (അതായത് ഒരു വ്യക്തിയെ അവന്റെ സംരക്ഷണത്തിൻ കീഴിലാക്കിയാൽ) അപ്പോൾ അവൻ / അവൾ സുന്ദരമായ ഒരു വൃക്ഷമായി മാറുന്നു. അത് (അല്ലാഹുവിന്റെ ആരാമത്തിൽ) പൂത്തുലഞ്ഞു നിൽക്കുന്നു. നല്ല പ്രവർത്തനങ്ങളുള്ള ഒരു വൃക്ഷമായി അവൻ മാറുന്നു. ആ വൃക്ഷം ഫലങ്ങൾ നൽകുന്നു. അല്ലാഹു (ത) അവനെ സംരക്ഷിക്കുന്നു. എല്ലാ പ്രശ്നങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും അവനെ അല്ലാഹു അകറ്റി നിർത്തുന്നു. ആദ്യം ഇത് വളരെ പ്രയാസമായി തോന്നാമെങ്കിലും, യാത്ര തുടർന്ന് കഴിഞ്ഞാൽ കാര്യം എളുപ്പമായി തീരുന്നതാണ്. യാതൊരു പ്രയാസവും അനുഭവപ്പെടുകയില്ല. ആയതിനാൽ നിങ്ങളുടെ അധീനതയിലുള്ളതെല്ലാം നിങ്ങൾ സ്നേഹ വാത്സല്യത്തോടെ വിനയത്തോടെ അല്ലാഹുവിന് സമർപ്പിക്കുക. എന്നിട്ട് അവനോട് നിങ്ങൾ പറയുക യാ അല്ലാഹ് ! ഞാനീ തന്നതല്ലാതെ എനിക്കൊന്നുമില്ല. എന്നാൽ എനിക്ക് നിശ്ചയമായും നിന്റെ മതത്തോട് അതിയായ സ്നേഹമാണ്. ഈ സ്നേഹം, എന്നിൽ ഞാൻ സൂക്ഷിക്കുന്നതാണ്, നിന്റെ മതത്തിന് വേണ്ടി. എന്റെ മതം എന്നെ പ്രേരിപ്പിക്കുന്നു. എനിക്ക് ഉള്ളതെല്ലാം നിന്റെ വഴിയിൽ ചെലവഴിക്കുവാൻ. അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിച്ച ശേഷം, നിങ്ങൾ ക്ഷമയോടെ നീങ്ങുക. തീർച്ചയായും നിങ്ങളോട് അല്ലാഹ് എങ്ങനെയാണ് പെരുമാറുന്നതെന്ന് നിങ്ങൾ കാണുക തന്നെ ചെയ്യും.!

ഫലങ്ങൾ നൽകാത്ത വൃക്ഷം, അത് ഉണങ്ങി കഴിഞ്ഞാൽ, അതിന്റെ ഉടമസ്ഥൻ അതിനെ വെട്ടിമാറ്റുന്നു. ആയതിനാൽ ഞാൻ വൃക്ഷത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, ഫലങ്ങൾ നൽകാത്തതും ഉണങ്ങിയതുമായ വൃക്ഷം, ഇത് സംബന്ധമായും ചിന്തിക്കേണ്ടതാണ്. ദുർബലരായ നമുക്ക് പോലും മനസ്സിലാകും നമുക്കുണ്ടാകുന്ന ഒരു സങ്കോചം ! കാരണം നമ്മുടെ ചെറിയ അറിവ് വെച്ച് നമുക്കറിയാം അല്ലാഹു (ത) ആണ് വൃക്ഷങ്ങൾക്ക് ഫലങ്ങൾ കായ്ക്കുവാനുള്ള കഴിവ് നൽകുന്നതെന്ന് ! അപ്പോൾ എന്തുകൊണ്ടാണ് ഈ വൈരുദ്ധ്യം ? ഇതിന്റെ പ്രാധാന്യം എന്താണ് ? നമുക്കറിയാം അല്ലാഹു (ത) ആണ് ഒരു വൃക്ഷത്തിന് ഫലം വിളയിക്കാനുള്ള നിർദ്ദേശം നൽകുന്നത്. എന്നാൽ നാം ഇതും കൂടി മനസ്സിലാക്കണം. ഫലങ്ങൾ നൽകാത്ത വൃക്ഷത്തെ, ഉണങ്ങുന്ന വൃക്ഷത്തെ, അല്ലാഹു (ത) അതിനെ കൂടുതലായി സംരക്ഷിക്കുകയില്ല. നിശ്ചയം! ഈ രൂപകാലങ്കാരം അതായത് ഫലങ്ങൾ കായ്ക്കാത്ത വൃക്ഷവും അതിന്റെ മരണവും (അതായത് വൃക്ഷം ഉണങ്ങുകയും ഉൽപ്പാദന ക്ഷമത ഇല്ലാതാകുകയും ചെയ്താൽ) അത് സംരക്ഷിക്കപ്പെടാത്തതു പോലെ, മനുഷ്യരുടെ കാര്യവും അതേ നിലയിൽ പരിഗണിക്കപ്പെടേണ്ടതാണ്. അല്ലാഹു (ത) യുടെ തിരുമുമ്പിൽ മനുഷ്യൻ തന്റെ സംസ്ക്കരണം പ്രകടിപ്പിക്കുന്നില്ലെങ്കിൽ, അവർ അവരുടെ പഴയ അവസ്ഥയിൽ തന്നെ തുടരുകയാണെങ്കിൽ, ഇസ്ലാം മതത്തെ സേവിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ, അവരുടെ സ്ഥിതി അല്ലാഹുവിന്റെ മുമ്പിൽ മേൽപ്പറഞ്ഞ വൃക്ഷങ്ങളുടെ ഗതിയായിരിക്കും ! വൃക്ഷം ഫലരഹിതമായതുപോലെ, ഉണങ്ങിയതുപോലെ, അവരും നിഷ്ഫല വൃക്ഷങ്ങളായി മാറുന്നു. കാരണം അവർ തീരുമാനം എടുത്തവരെ പോലെയാണ്. **"ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു. ഞങ്ങൾ വളരുകയും പുഷ്പിക്കുകയും ഫലങ്ങൾ കായ്ക്കുകയും ചെയ്യുന്ന വൃക്ഷങ്ങളെ പോലെ ആവുകയില്ല"** ആ നിമിഷം മുതൽ അതിന്റെ ഉടമസ്ഥൻ അതിനെ അവസാനിപ്പിക്കുന്നതിനുള്ള പണിയിലായിരിക്കും. അവയെ ആവശ്യമില്ലാത്ത വൃക്ഷമായി കാണുകയും അവയെ മൂടോടെ പിഴുതു മാറ്റുവാനും ദൂരെ കളയുവാനും ശ്രമിക്കുന്നതാണ്.

ഒരു മനുഷ്യന്റെ കാര്യവും ഇപ്രകാരം തന്നെയാണ്. അവനിൽ എന്തെങ്കിലും മോശമായതുണ്ടെങ്കിൽ, അവൻ അല്ലാഹുവിലേക്ക് മടങ്ങുന്നില്ലെങ്കിൽ, അവന് അല്ലാഹു നൽകിയതിനെ പരിഗണിക്കുന്നില്ലെങ്കിൽ, ആ നിമിഷം മുതൽ, ദൈവം അവനെ സംരക്ഷിക്കുന്നത് അവസാനിപ്പിക്കുന്നു. വൃക്ഷത്തെ പോലെ അഥവാ ചെടിയെപോലെ, അതിന്റെ ഉടമസ്ഥൻ അതിന്റെ സംരക്ഷണം അവസാനിപ്പിക്കുന്നു, അപ്പോൾ മൃഗങ്ങൾ വന്ന് അതിനെ തിന്നു നശിപ്പിക്കുന്നു; തടി വെട്ടുകാരൻ അതിനെ വെട്ടിമാറ്റുന്നു, എന്നിട്ട് അതിനെ അഗ്നിക്കിരയാക്കുന്നു. ഉടമസ്ഥന് ഇതുമൂലം ഒരു വിഷമവും ഉണ്ടാവുന്നില്ല.

നിങ്ങൾ സങ്കൽപ്പിക്കുക! അല്ലാഹുവിന്റെ മുൻപിൽ നിങ്ങൾ സത്യവാന്മാർ ആണെങ്കിൽ, നിങ്ങളെ വിഷമത്തിലാക്കുവാൻ ഒരു പ്രതിപക്ഷത്തിനും സാധ്യമല്ല. കാരണം അല്ലാഹുവിന്നറിയാം നിങ്ങളുടെ ലക്ഷ്യം യഥാർത്ഥമാണെന്ന്. നിങ്ങളുടെ ഹൃദയങ്ങളിൽ മറച്ച് വച്ചിരിക്കുന്നത് സത്യമായതാണെന്നും അവനറിയുന്നു. ഇങ്ങനെയാണ് കാര്യമെങ്കിൽ, അപ്പോൾ നിങ്ങളെ ആർക്കും ദ്രോഹിക്കുവാൻ കഴിയുകയില്ല. ആരുടെ സാഹചര്യങ്ങളെ അവർ നേരെ ആക്കുന്നില്ലയോ, അല്ലാഹുവിന് അനുസരിക്കാമെന്ന് യഥാർത്ഥ വാഗ്ദാനം ചെയ്യുന്നില്ലയോ, അവരുടെ ഉത്തരവാദിത്വം അല്ലാഹു ഏറ്റെടുക്കുന്നതല്ല.

ഈ ലോകത്ത് ദശലക്ഷക്കണക്കിനാളുകൾ, ഒരു കാരണവുമില്ലാതെ കൊലചെയ്യപ്പെടുന്നു. തക്കതായ യാതൊരു കാരണവുമില്ലാതെയാണ് കൊലചെയ്യപ്പെടുന്നത്. ഈ കൊലപാതകങ്ങളിൽ ആരും തന്നെ പരിതപിക്കുന്നതുമില്ല. അല്ലാഹുവിന്റെ സേവകന്മാരെ പരിഗണിക്കാത്ത ഈ ആളുകളെ അല്ലാഹു എങ്ങനെ പരിഗണിക്കാനാണ് ? ആയതിനാൽ നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ലോകമെമ്പാടും ചിതറികിടക്കുന്ന അല്ലാഹുവിന്റെ എല്ലാ സേവകന്മാരെയും അല്ലാഹു സംരക്ഷിക്കുന്നു എന്ന വിഷയം നിങ്ങൾ നല്ലതുപോലെ മനസ്സിലാക്കേണ്ടതുണ്ട്.

നിങ്ങളുടെ ചുറ്റുപാടുകളെയും നിങ്ങളുടെ ചുറ്റുമുള്ളവരെയും സംരക്ഷിക്കുന്നതിനു പകരം നിങ്ങളുടെ സുഖ സൗകര്യങ്ങളിൽ മാത്രം സന്തോഷിച്ചു കഴിയുകയാണെങ്കിൽ, നിങ്ങളുടെ ചുറ്റുമുള്ളവരുടെ പ്രയാസങ്ങളെപ്പറ്റി നിങ്ങൾ ബോധവാന്മാരല്ലെങ്കിൽ, നിങ്ങൾക്ക് ശുഭവാർത്തകൾ ലഭ്യമാകില്ല. വളരെ പ്രധാന

പ്പെട്ട ഈ വിഷയത്തെക്കുറിച്ച് നിങ്ങൾ നല്ല പോലെ ബോധവാന്മാരായിരിക്കണം. കാരണം നമ്മളല്ലാതെ മറ്റാരും ഈ ലോകത്തിന്റെ ഗതിക്കു മാറ്റം വരുത്തുവാനില്ല. നാം ഈ വിഷയം മനസ്സിലാക്കുന്നില്ലെങ്കിൽ, മറ്റാരാണ് ഇത് മനസ്സിലാക്കാനുള്ളത് ? സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കുക, ഞാൻ നിങ്ങളുടെ മുമ്പാകെ രണ്ടിൽ കൂടുതൽ വെള്ളിയാഴ്ച ഖുത്തുബകൾ നൽകുകയാണ്, നിങ്ങൾ ഒരുപക്ഷേ അല്ലാഹുവിന് സേവനം ചെയ്യുന്നതിൽ തൽപരരായേക്കാം! നിങ്ങളാണ് അല്ലാഹുവിന്റെ മുമ്പിൽ പരാതിയും പരിഭവുമായി നിൽക്കേണ്ടത്! നിങ്ങളെ സഹായിക്കുവാൻ ആവശ്യപ്പെടണം! സാഹചര്യം നിങ്ങളുടെ പിടിക്കും അപ്പുറമാണ്. നിങ്ങളുടെ നിയന്ത്രണത്തിനും അപ്പുറമാണ്. എന്തുകൊണ്ട് ?

ഒന്നാമത്, നാം ദുർബലരാണ്. ലോകത്തെ പരിഷ്ക്കരിക്കുവാനുള്ള ശക്തിയും വിലയും നമുക്കില്ല. ആയതിനാൽ നാം അല്ലാഹുവിനോട് ഇപ്രകാരം അഭിസംബോധന ചെയ്യേണ്ടതുണ്ട്. **"ഓ അല്ലാഹ് ! നിന്റെ പ്രവാചകന്മാർക്കും, നിന്റെ നല്ലവരായ സേവകന്മാർക്കും നീ മാത്രമാണ് അവർക്ക് ആ നല്ല ഗുണങ്ങൾ നൽകിയത്! അതുകൊണ്ട് അവർക്ക് ഈ ലോകത്തിന്റെ സാഹചര്യങ്ങൾ മനസ്സിലാക്കുവാൻ കഴിഞ്ഞു; അവർക്ക് ഈ ലോകത്തെ പരിഷ്ക്കരിക്കുവാനും കഴിഞ്ഞു. നീ മാത്രമാണ് അവരുടെ ദൗർബല്യങ്ങൾ നീക്കം ചെയ്തത്; എന്നാൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ സാഹചര്യം ഞങ്ങളുടെ ദൗർബല്യങ്ങൾ പോലും നീക്കം ചെയ്യാൻ കഴിവില്ലാത്തവരായി പോയിരിക്കുന്നു. ഇതിനെപ്പറ്റിയാണ് ഞങ്ങൾ എപ്പോഴും ചിന്തിച്ചു കൊണ്ടിരിക്കുന്നത് ! (ഞങ്ങളുടെ ദൗർബല്യങ്ങൾ മാറ്റുന്നതിനെപ്പറ്റി) വളരെ നാളായി ഞങ്ങൾ ഈ നിലയിലുള്ള പരിശ്രമം തുടരുകയാണ്, എന്നാൽ ഇപ്പോഴും ഞങ്ങൾ തുടങ്ങിയടത്തു തന്നെ നിൽക്കുകയാണ് ! ഞങ്ങളുടെ ഹൃദയത്തിന് ഒരു മാറ്റവും സംഭവിച്ചിട്ടില്ല; സാഹചര്യത്തിനും ഒരു മാറ്റവും സംഭവിച്ചിട്ടില്ല. ഞങ്ങളുടെ കുടുംബത്തിനും ഞങ്ങളുടെ അയൽവാസികൾക്കും ഞങ്ങൾ നൽകിയ ചികിത്സ ഒന്നും ഏറ്റിട്ടില്ല. ഒരു മാറ്റവും ഉണ്ടായിട്ടില്ല. ഞങ്ങൾ സ്വയം വലിയ പ്രശ്നങ്ങളിൽ അകപ്പെട്ടിരിക്കുകയാണ്. അതിലെ ഏറ്റവും വലിയ പ്രശ്നം നല്ലവരായി തീരുമെന്ന് കരുതിയവർ ഏറ്റവും മോശപ്പെട്ടവരായി മാറുകയാണ്. ആയതിനാൽ നിന്റെ സഹായമില്ലാതെ (ഓ! അല്ലാഹ് )ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. നിന്റെ അഭയം ഞങ്ങൾക്ക് വേണം! നിന്നിൽ നിന്നും അത്തരം ഒരു ഔദാര്യം നൽകണം, അങ്ങനെ നിന്നെ ഞങ്ങൾക്ക് തൃപ്തിപ്പെടുത്തണം ! അങ്ങനെ ലോകത്തെ പരിഷ്ക്കരിക്കുന്നതിന് സാധിക്കണം, നീ ആ ഉത്തരവാദിത്വം ഞങ്ങൾക്ക് നൽകിയിരിക്കുകയാണല്ലോ."**

ഈ വിചാരം നിങ്ങളിൽ സൃഷ്ടിക്കേണ്ടത് തികച്ചും അവശ്യമാണ്. ഇനി നിങ്ങൾ അശ്രദ്ധയിലാണ്ടു പോയാൽ, അല്ലാഹുവിന്റെ നിർദ്ദേശങ്ങളെ നിങ്ങൾ പരിഗണിക്കാതിരുന്നാൽ, അവനിലേക്കെത്തിച്ചേരാൻ നിങ്ങളുടെ കാലുകളെ മുന്നോട്ടു വയ്ക്കുന്നില്ലെങ്കിൽ നിങ്ങൾ വന്യമൃഗങ്ങളെപ്പോലായിപോകും! ആയതിനാൽ ഞാൻ നിങ്ങളോട് പറയുന്നു നാം നമ്മുടെ ചുറ്റുപാടുകളെ ശരിക്കും മനസ്സിലാക്കുന്നില്ലെങ്കിൽ, നാം ചെയ്യുന്ന ഏറ്റവും വലിയ തെറ്റായി പോകും ! മൃഗങ്ങൾക്കാണ് അവയുടെ ചുറ്റുപാടുകളെക്കുറിച്ച്, ബോധമില്ലാത്തത് (അഥവാ സഹായിക്കാൻ മുതിരാതിരിക്കുക, ധാർമ്മിക ഗുണങ്ങൾ ഇല്ലാതിരിക്കുക തുടങ്ങിയവ) ഈ വസ്തുത നിങ്ങൾ അവഗണിച്ചാൽ, നിങ്ങൾ വന്യമൃഗങ്ങളുടെ നിലവാരത്തിലേക്ക് താഴ്ന്നാൽ, അക്കാരണത്താൽ അവയുടെ സാഹചര്യമായിരിക്കും നിങ്ങൾക്കുമുണ്ടാവുക. ആയതിനാൽ, നിങ്ങൾ അല്ലാഹുവിന്റെ ആത്മമിത്രങ്ങളായി തീരാൻ ശ്രമിക്കുക. (അപ്പോൾ നിങ്ങൾ മൃഗങ്ങളെപ്പോലെ പെരുമാറുകയില്ല)

അല്ലാഹുവുമായി അടുക്കുന്നതിന്, പ്രസംഗത്തിന്റെ ആരംഭത്തിൽ പറഞ്ഞതുപോലെ, അത്തരം ഗുണങ്ങൾ ആർജ്ജിക്കൽ അനിവാര്യമാണ്, അങ്ങനെയായാൽ നിങ്ങൾക്ക് പ്രശ്നങ്ങളില്ല; തടസ്സങ്ങളില്ല; നിങ്ങളെ കാർന്നു തിന്നുന്ന വേദനകളില്ല. ഇത് സംബന്ധമായി, ജമാ അത്തിലെ ആത്മാർത്ഥ ആളുകളുടെ, സാഹചര്യവും ജീവിതവും അപഗ്രഥിച്ചാൽ നിങ്ങൾക്ക് നല്ലപോലെ മനസ്സിലാകുന്നതാണ്. ജമാഅത്തിന്റെ ജോലിക്കായി രാവും പകലും ചെലവിടുന്നവർ, അവരുടെ ചുറ്റുപാടുകളിൽ നിന്ന്, അത്തരം ദുരനുഭവങ്ങൾ നേരിടുന്നില്ല എന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ജമാഅത്തിൽ അത്തരം സാക്ഷികളുണ്ട് ! അവരുടെ കുടുംബത്തെക്കുറിച്ച് അവർ ഉൽക്കണ്ഠപ്പെടുന്നില്ല! കുട്ടികളെക്കുറിച്ച് ഉൽക്കണ്ഠപ്പെടുന്നില്ല. അവർ മതത്തിന് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്ന കാരണത്താൽ, അവർ സന്തോഷഭരിതരാണ് ! അല്ലാഹുവിന്റെ മത

ത്തിന് അവർ മറ്റെല്ലാ കാര്യങ്ങളെക്കാളും, ആവശ്യങ്ങളെക്കാളും പ്രാധാന്യം നൽകിയവരാണ്. ഇത്തരം ആളുകളുടെ ഭാര്യമാരെയും കുട്ടികളെയും അല്ലാഹു (ത) ആണ് പിൻതാങ്ങുന്നത്! ജനങ്ങൾ അല്ലാഹുവിന്റെ വഴിയെ അംഗീകരിക്കുകയും, അവരുടേതായ ലോകത്തെ തള്ളിക്കളയുകയും, അല്ലാഹുവിന്റെ ലോകത്തെ തെരഞ്ഞെടുക്കുകയും ചെയ്യുന്നവർക്ക് മാത്രമേ ഇത്തരം അവസ്ഥയിൽ പൂർണ്ണമായി എത്തിച്ചേരുവാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിലുള്ളവരെ, അവരുടെ ലോകത്ത്, അല്ലാഹു സംരക്ഷിക്കുന്നതാണ്. നിശ്ചയമായും പ്രകൃതി നിയമമനുസരിച്ച്, അവരും ചില പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നതാണ്! നല്ല ആരോഗ്യത്തിൽ നിൽക്കുന്ന ചെടികൾ ചിലപ്പോൾ കേടുപാടുകൾ, പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതു പോലെ ! ചിലപ്പോൾ അവ കൊടുങ്കാറ്റുകളെയും, വെള്ളപ്പൊക്കത്തെയും നേരിടേണ്ടി വരും! ചിലപ്പോൾ നല്ല തോട്ടങ്ങളും ഇത് നേരിടേണ്ടി വരുന്നതാണ്. മതപരമായ ജോലികളിൽ നിങ്ങൾ വ്യാപൃതരാകുമ്പോൾ, ലോകത്തിലെ രോഗങ്ങൾ ഒന്നും നിങ്ങളെ ബാധിക്കില്ല. എന്ന് ഞാൻ പറയുന്നില്ല. മതപരമായ ജോലികളിൽ മാത്രം നിങ്ങൾ വ്യാപൃതരായാൽ ലോകത്തുള്ള ഒരു രോഗങ്ങളും നിങ്ങളെ സ്പർശിക്കുകയില്ല എന്ന ചിന്തയിൽ നിങ്ങൾ പ്രവർത്തിച്ചാൽ, ഈ സന്ദർഭത്തിൽ, നിങ്ങളെ എല്ലാ രോഗങ്ങളും സ്പർശിക്കുന്നതാണ്. എന്നാൽ നിങ്ങൾ മതപരമായ കാര്യങ്ങളിൽ വ്യാപൃതരാവുകയും നിങ്ങളതിൽ കൂടുതൽ ചിന്തിക്കാതിരിക്കുകയും ചെയ്താൽ, എന്റെ ഭാര്യാ മക്കളെ ആരെങ്കിലും സംരക്ഷിക്കുമോ ഇല്ലയോ എന്ന കാര്യത്തിൽ വേദനിക്കാതിരിക്കുകയും ചെയ്താൽ (അല്ലാഹുവിൽ ഭരമേൽപ്പിച്ചാൽ) അപ്പോൾ, ആ നിമിഷം മുതൽ നിങ്ങളുടെ ഭാര്യമാരുടെയും കുട്ടികളുടെയും ഉത്തരവാദിത്വങ്ങൾ അല്ലാഹു ഏറ്റെടുക്കുന്നതാണ്. മറ്റു ചില സന്ദർഭങ്ങളിൽ അല്ലാഹുവിന്റെ ദീനിനുവേണ്ടി ജോലി ചെയ്യുന്നവർ, അവർ ഈ ലോകത്തിലെ കാര്യങ്ങളെക്കുറിച്ച് ഗൗനിക്കുന്നതല്ല. കാരണം അവരെ സംബന്ധിച്ചിടത്തോളം, അവർ അല്ലാഹുവിനും അവന്റെ ദീനിനുമാണ് മുൻഗണന കൊടുക്കുന്നത്. ഇത്തരം ആളുകളെക്കുറിച്ച് അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറയുന്നു. വിശ്വാസികളിൽ നിന്ന് അവർക്ക് സ്വർഗ്ഗമുണ്ട് എന്ന ഉറപ്പിൻമേൽ അല്ലാഹു അവരുടെ ജീവനും ധനവും വിലയ്ക്കു വാങ്ങിയിരിക്കുന്നു. (9:111)

ഇതിനെക്കാൾ നല്ല കൊടുക്കൽ വാങ്ങൽ മറ്റെന്തുണ്ട് ? ഇത്തരത്തിലുള്ള ആളുകൾക്ക് എത്തരത്തിലുള്ള അനുഗ്രഹങ്ങളാണ് ഒരുക്കി വച്ചിരിക്കുന്നതെന്ന് ആർക്കും അനുമാനിക്കുവാൻ കഴിയുകയില്ല. അവർക്ക് ഈ താൽക്കാലിക ലോകത്തെ സംബന്ധിച്ചോ അതിലെ സന്തോഷങ്ങളെ കുറിച്ചോ ഒരു താൽപ്പര്യവുമില്ല. ഈ ലോകം ആകർഷിച്ചിരിക്കുന്നവരേക്കാൾ അവർ നല്ല അവസ്ഥയിലാണ്. അവരെ സംബന്ധിച്ചിടത്തോളം, അല്ലാഹുവും അവന്റെ ദൂതനും അവന്റെ മതവും മറ്റെന്തിനേക്കാളും പ്രിയപ്പെട്ടതാണ് ! മറ്റുള്ളവർ ഈ ലോകത്ത് ആഗ്രഹിക്കുന്നതിന് എതിരായിട്ടുള്ളതാണ് അവർ ആഗ്രഹിക്കുന്നത് ! ഈ ലോകത്തിനായി ആഴ്ന്നു കിടക്കുന്നവരോട് അവർ പറയുന്നു. നിങ്ങൾ ഇഹലോക ആകർഷണങ്ങളും, സന്തോഷങ്ങളും, അന്വേഷിച്ചുകൊള്ളുക. എല്ലാം നിങ്ങൾ എടുത്തുകൊള്ളുക. ഞാൻ അന്വേഷിക്കുന്നത് എന്റെ യജമാനനെയാണ്, പ്രപഞ്ചത്തിന്റെ നാഥനായവനെയാണ്. നിങ്ങൾക്ക് അതിനെക്കാൾ എന്താണ് വേണ്ടത് ? ഇക്കാര്യം ബുദ്ധിമാൻമാർക്കു മാത്രമേ മനസ്സിലാവുകയുള്ളൂ. അല്ലാഹുവിൽ നിന്ന് ലഭിച്ച ഒരു വെളിപാട് ഇതാ. (ദൈവീക ദൃഷ്ടാന്താരംഭത്തിൽ) ഈ ലോകം നാളെ നിന്നെ ഉപേക്ഷിക്കുകയാണെങ്കിൽ നിനക്കെന്ത് ? എന്നാൽ അല്ലാഹു നിന്നോടൊപ്പം ഉണ്ട് എങ്കിൽ എല്ലാം നിനക്കുണ്ട്. എന്നാൽ ലോകം നിന്നോടൊപ്പം ഉണ്ടായിരിക്കുകയും അല്ലാഹു നിന്നോടൊപ്പം ഇല്ലായിരിക്കുകയും ചെയ്താൽ, നിന്നോടൊപ്പം ഒന്നുമില്ല. നിശ്ചയം പരിപാപനമായ ഒരു സന്ദേശം! അല്ലാഹുവിന്റെ സന്ദേശങ്ങളാണ് നമ്മുടെ പ്രകാശത്തിന്റെ ഉറവിടങ്ങൾ. അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ നടപ്പിലാക്കുന്നു! അല്ലാഹു ഏറ്റവും വലിയവനാണ്.

ഇത് നടപ്പിലാക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ഈ പടവുകളിലൂടെ സഞ്ചരിക്കേണ്ടതുണ്ട്. നിങ്ങൾ അല്ലാഹുവുമായി അടുത്തവരുടെ ഭാഗമായി മാറേണ്ടതുണ്ട്. അങ്ങനെയായാൽ ഒരു പ്രശ്നവും നിങ്ങളെ ബാധിക്കുകയില്ല. നിശ്ചയം! അല്ലാഹുവിന്റെ അനുവാദമില്ലാതെ ഭൂമിയിൽ ഒന്നും സംഭവിക്കുകയില്ല. ഈ വാക്കുകൾക്ക് അഗാധാർത്ഥങ്ങളുണ്ട് ! വസ്തുത ഇങ്ങനെയായിരിക്കെ, അല്ലാഹു

വിന്റെ അഭയത്തിൻ കീഴിൽ, നിങ്ങൾ യഥാർത്ഥത്തിൽ എത്തിപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ ഹൃദയത്തിൽ ഒരു സ്വാഭാവിക ഫലം സൃഷ്ടിക്കപ്പെടേണ്ടത് അനിവാര്യമാണ്. ഇത് നിങ്ങളുടെ ഉള്ളിൽ നിന്നും വരേണ്ടതുമാണ്.

സമയം അതിക്രമിച്ചിരിക്കുന്നു. നിങ്ങളിൽ ചിലർക്ക് ജോലിക്ക് പോകേണ്ടതുണ്ട്. ആയതിനാൽ അടുത്ത വെള്ളിയാഴ്ച ഇതേ വിഷയം തുടരുന്നതാണ്. ഇൻശാ അല്ലാഹ് ! ഈദുൽ അദ്ഹായ്ക്ക് ശേഷം! അല്ലാഹു (ത) അതിനുള്ള തൗഫീഖ് എനിക്ക് നൽകട്ടെ ! ആമീൻ!

# പ്രസ്താവന

2015 സെപ്തംബർ 4,5 തീയതികളിൽ മൗറീഷ്യസിൽ ഉണ്ടായ ദൗർഭാഗ്യകരമായ ഒരു സംഭവത്തെ പ്പറ്റി ചുരുക്കി പറയുകയാണ്. മദ്യലഹരിയിൽ അമ്മ, തൂക്കേ ക്ഷേത്രത്തിലെ ഏതാനും വിഗ്രഹങ്ങളെ തച്ചു ടച്ച മുസ്ലീം നാമധാരികളുടെ നടപടിയെ ശക്തമായി ജമാഅത്തുസ്സഹീഹിൽ ഇസ്ലാമും ഈ വിനീതനും അപലപിക്കുന്നു.

ഇസ്ലാം സഹനതയുടെ മതമാണ്. ഈ മതം യാതൊരു നിർബന്ധവും പ്രബോധിക്കുന്നില്ല. ഇതര മത ങ്ങളെ ആദരിക്കുവാൻ ആണ് ഇത് പഠിപ്പിക്കുന്നത്. പരിശുദ്ധനും നമ്മുടെ സൃഷ്ടാവുമായ അല്ലാഹുവും നമ്മുടെ പരിശുദ്ധ മാതൃക പുരുഷനായ ഹസ്രത് മുഹമ്മദ് (സ) യും ഇത്തരം സംഭവങ്ങളെ അപലപിച്ചി ട്ടുണ്ട്. കാരണം ഒരു മുസ്ലീം തന്റേതായ കാരണങ്ങളാൽ വിഗ്രഹങ്ങളെ തച്ചുടയ്ക്കുകയോ, അതിനെ കുറ്റം പറയുകയോ ചെയ്താൽ, തന്റെ ആ പ്രവർത്തി, അല്ലാഹുവിനേയും സമ്പൂർണ്ണ അധ്യാപനങ്ങളായ ഇസ്ലാം മതത്തെയും മറുപക്ഷം കുറ്റം പറയുന്നതിലേക്കും ആക്ഷേപിക്കുന്നതിലേക്കുമായിരിക്കും കൊണ്ടെത്തി ക്കുക. ഇസ്ലാം മദ്യപാനം സമ്പൂർണ്ണമായി നിരോധിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ ഇത്തരം ആളുകളുടെ പ്രവർത്തനങ്ങൾ ഇസ്ലാമുമായി യാതൊരു ബന്ധവുമില്ല. മറിച്ച് അവർ ഇസ്ലാമിന് വൃത്തികെട്ട മുഖവും പ്രതിഛായയുമാണ് നൽകുന്നത്. മുസ്ലീം നാമധാരികളായ ഇത്തരം ആളുകളുടെ പ്രവർത്തികളിലൂടെ ഇസ്ലാം അക്രമവും ഭീകരവാദവും പ്രചരിപ്പിക്കുന്ന മതമാണെന്ന തെറ്റായ പ്രചാരണത്തിൽ നിന്നും അല്ലാഹു (ത) അവന്റെ ദീനിനെ സംരക്ഷിക്കട്ടെ. ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************